REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-06-2024 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ജമ്മു കശ്മീരിലെത്തും. 1500 കോടിയിലധികം രൂപയുടെ 84 പ്രധാന വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും.
- നെല്ലിന്റെ താങ്ങുവില കേന്ദ്ര മന്ത്രിസഭ ക്വിന്റലിന് 117 രൂപ വർദ്ധിപ്പിച്ചു. തമിഴ്നാട്ടിലും ഗുജറാത്തിലും കടൽക്കാറ്റിൽ നിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾക്കായി ടെർമിനൽ വികസിപ്പിക്കും.
- കഴിഞ്ഞ ദിവസം നടത്തിയ യുജിസി-നെറ്റ് പരീക്ഷ ഗവണ്മെന്റ് റദ്ദാക്കി.
- തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിൽ വ്യാജമദ്യം കഴിച്ചതെന്ന് സംശയിക്കുന്ന 15 പേർ മരിച്ചു.
- കെൽട്രോണിന് നാവികസേനയിൽ നിന്നും 97 കോടി രൂപയുടെ ഓർഡർ ലഭിച്ചു.
- ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ എട്ട് മൽസരത്തിൽ ദക്ഷിണാഫ്രിക്കക്ക് ജയം. ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ജമ്മു കശ്മീരിലെത്തും. 1500

കോടിയിലധികം രൂപയുടെ 84 പ്രധാന വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. ശ്രീനഗറിൽ ഇന്ന് "യുവജനങ്ങളെ ശാക്തീകരിക്കുക, ജമ്മു കശ്മീരിനെ മാറ്റുക" എന്ന പരിപാടിയിൽ മോദി പങ്കെടുക്കും. ഗവണ്മെന്റ് സർവീസിൽ നിയമനം ലഭിച്ച രണ്ടായിരത്തിലധികം പേർക്ക് നിയമന കത്തുകളും പ്രധാനമന്ത്രി വിതരണം ചെയ്യും. കാർഷിക, അനുബന്ധ മേഖലകളിൽ ആയിരത്തി എണ്ണൂറ് കോടി രൂപയുടെ മത്സരക്ഷമത മെച്ചപ്പെടുത്തൽ പദ്ധതിയും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

പ്രധാനമന്ത്രി നാളെ പത്താമത് അന്താരാഷ്ട്ര യോഗ ദിനാചരണത്തിന് ശ്രീനഗറിൽ നേതൃത്വം നൽകും. യോഗ സെഷനിൽ പങ്കെടുക്കുന്ന അദ്ദേഹം പരിപാടിയിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്യും.

✪✪✪

നെല്ല് ഉൾപ്പെടെ 14 വിളകളുടെ കുറഞ്ഞ താങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചു. തമിഴ്നാട്ടിലും ഗുജറാത്തിലും കടൽക്കാറ്റിൽ നിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾക്കായി ടെർമിനൽ വികസിപ്പിക്കാനും മന്ത്രിസഭ തീരുമാനിച്ചതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...........വോയ്സ്............

മഹാരാഷ്ട്രയിലെ വധാവൻ തുറമുഖം വികസിപ്പിക്കാനും വാരണാസി വിമാനത്താവളത്തിന്റെ വികസനത്തിനും ദേശീയ ഫോറൻസിക് ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ പദ്ധതിക്കും തീരുമാനമെടുത്തതായി അശ്വിനി വൈഷ്ണവ് അറിയിച്ചു. നെല്ലിന്റെ താങ്ങുവില ക്വിന്റലിന് 117 രൂപ വർദ്ധിപ്പിച്ച് 2,300 രൂപയാക്കി.

നെല്ല്, പരുത്തി, തിന, പയർവർഗ്ഗങ്ങൾ, എണ്ണക്കുരു എന്നിവയുടെ കുറഞ്ഞ താങ്ങുവില ഗണ്യമായി വർദ്ധിപ്പിച്ചത് കർഷകർക്ക് ഗുണം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്ത് രണ്ട് ലക്ഷം ഗോഡൗണുകൾ നിർമ്മിക്കാൻ ശ്രമത്തിലാണ് ഗവൺമെന്റെന്നും വൈഷ്ണവ് പറഞ്ഞു.

മഹാരാഷ്ട്രയിലെ വധാവനിൽ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ ഗ്രീൻഫീൽഡ് തുറമുഖമാണ് വികസിപ്പിക്കുന്നത്. ഈ തുറമുഖത്തിന്റെ നിർമ്മാണത്തിനായി 76,000 കോടിയിലധികം രൂപ ചെലവഴിക്കുമെന്നും ഇത് പൂർത്തിയായാൽ ലോകത്തിലെ ഏറ്റവും മികച്ച 10 തുറമുഖങ്ങളിൽ ഒന്നായി ഇത് മാറുമെന്നും അദ്ദേഹം പറഞ്ഞു. ഈ തുറമുഖം വരും വർഷങ്ങളിൽ 12 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

കടൽക്കാറ്റിൽ നിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന രാജ്യത്തെ ആദ്യ ഓഫ്ഷോർ വിൻഡ് ടെർമിനലുകളാണ് വികസിപ്പിക്കുന്നതെന്നും 500 മെഗാവാട്ട് ശേഷിയുള്ള രണ്ട് പദ്ധതികൾ ഗുജറാത്തിലും തമിഴ്നാട്ടിലുമായി കമ്മീഷൻ ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ദേശീയ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുടെയും സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറികളുടെയും ഓഫ് കാമ്പസ് രാജ്യത്തു മുഴുവൻ സ്ഥാപിക്കുന്നതിന് നാഷണൽ ഫോറൻസിക് ഇൻഫ്രാസ്ട്രക്ചർ എൻഹാൻസ്മെന്റ് പദ്ധതി മന്ത്രിസഭ അംഗീകരിച്ചതായും വൈഷ്ണവ് പറഞ്ഞു.

✪✪✪

ബാങ്കിങ് മേഖലയുടെ പരിവർത്തനത്തിൽ പൊതുമേഖല ബാങ്കുകളുടെ സുപ്രധാന പങ്കിനെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രശംസിച്ചു. പൊതുമേഖല ബാങ്കുകളുടെ നേട്ടങ്ങൾ സംബന്ധിച്ച സമൂഹമാധ്യമ കുറിപ്പിനോട് പ്രതികരിക്കുകയായിരുന്നു പ്രധാനമന്ത്രി. SBI യുടെ 2013-14 സാമ്പത്തിക വർഷത്തെ 800 കോടി രൂപയായിരുന്ന ലാഭവിഹിതം കഴിഞ്ഞ സാമ്പത്തികവർഷം 61,000 കോടി രൂപയിലേക്ക് ഉയർന്നതായി MYGOV പങ്കുവെച്ച സമൂഹമാധ്യമ പോസ്റ്റിൽ പറയുന്നു. ബാങ്ക് ഓഫ് ബറോഡ ഉൾപ്പെടെ മറ്റ് പൊതുമേഖല ബാങ്കുകളും ഓഹരിവിപണിയും ത്തരത്തിൽ നേട്ടം കൈവരിച്ചതായാണ് കണക്ക്.

✪✪✪

കഴിഞ്ഞ ദിവസം നടത്തിയ യുജിസി-നെറ്റ് പരീക്ഷ ഗവണ്മെന്റ് റദ്ദാക്കി. പരീക്ഷയിൽ ക്രമക്കേടുകൾ നടന്നതായി ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ കേന്ദ്രം UGC-യ്ക്ക് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. സംഭവത്തിൽ CBI അന്വേഷണം നടത്തും.

രാജ്യത്തുടനീളം വിവിധ കേന്ദ്രങ്ങളിലായി രണ്ട് ഷിഫ്റ്റുകളിലാണ് യുജിസി - നെറ്റ് ജൂൺ 2024 പരീക്ഷ ചൊവ്വാഴ്ച നടത്തിയത്. പകരം പരീക്ഷ നടത്തുമെന്നും ഇതിന്റെ വിവരങ്ങൾ പിന്നീട് അറിയിക്കുമെന്നും യുജിസി അറിയിച്ചു.

✪✪✪

ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഉഷ്ണതരംഗം ശക്തിപ്പെടുന്ന സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യമന്ത്രി J.P നദ്ദ ഗവണ്മെന്റ് ആശുപത്രികളിലെ തയ്യാറെടുപ്പുകൾ വിലയിരുത്തി. ആശുപത്രികളിൽ പ്രത്യേക ഉഷ്ണതരംഗ ചികിത്സായൂണിറ്റുകൾ സ്ഥാപിക്കാൻ അദ്ദേഹം നിർദേശം നൽകി.

അതേസമയം ഡൽഹിയിലെ വിവിധ ആശുപത്രികളിൽ കഴിഞ്ഞ മൂന്നാഴ്ചയ്ക്കിടെ ഉഷ്ണതരംഗത്തെ തുടർന്ന് 15-ലേറെ മരണം റിപ്പോർട്ട് ചെയ്തു. നിരവധി പേർ ചികിത്സയിൽ കഴിയുന്നുണ്ട്.

✪✪✪

പാർലമെന്റ് സമുച്ചയത്തിലെ മഹാത്മാഗാന്ധിയുടെയും അംബേദ്ക്കറിന്റെയുമടക്കം പ്രതിമകൾ യാതൊരു കൂടിയാലോചനയുമില്ലാതെ സ്ഥാനം മാറ്റിയത് ജനാധിപത്യത്തിന്റെ ലംഘനമാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. ഓരോ പ്രതിമയ്ക്കും അതിന്റെ സ്ഥാനത്തിനും പാർലമെന്റ് സമുച്ചയത്തിൽ ഏറെ പ്രാധാന്യമുണ്ടെന്നും കൂടിയാലോചന

നടത്താതെ ഇവ മാറ്റിയത് പാർലമെന്റിന്റെ പാരമ്പര്യത്തിന് ചേർന്നതല്ലെന്നും അദ്ദേഹം രാജ്യസഭ ചെയർമാൻ ജഗ്ദീപ് ധൻഖറിനയച്ച കത്തിൽ വ്യക്തമാക്കി. പ്രതിമകൾ യഥാസ്ഥാനത്ത് പുനസ്ഥാപിക്കണമെന്നും അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടു.

✪✪✪

തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിൽ വ്യാജമദ്യം കഴിച്ചതെന്ന് സംശയിക്കുന്ന 15 പേർ മരിച്ചു. 15-ലേറെ പേർ ചികിത്സയിലാണ്. മരണകാരണത്തിൽ ഇനിയും വ്യക്തത വരേണ്ടതുണ്ടെന്ന് ജില്ലാ കലക്ടർ അറിയിച്ചു. ശാരീരികാസ്വസ്ഥത അനുഭവപ്പെട്ട പത്തിലേറെ പേരെ പുതുച്ചേരി ജിപ്മറിലേക്ക് മാറ്റി. സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

✪✪✪

സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും കാമ്പസുകളിലും R.T.I ക്ലബ്ബുകൾ തുടങ്ങുമെന്ന് വിവരാവകാശ കമ്മീഷണർ ഡോ.A.A. ഹക്കിം പറഞ്ഞു. ഇത് യുവാക്കളെ കൂടുതൽ അറിവുള്ളവരാക്കുവാനും വിദ്യാഭ്യാസ മേഖലയിലെ അഴിമതികൾ ഇല്ലാതാക്കാനും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന വിവരാവകാശ കമ്മീഷനുമായി സഹകരിച്ച് തേവര സേക്രഡ് ഹാർട്ട് കോളേജിൽ ആരംഭിച്ച വിവരാവകാശ ക്ലബ്ബിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

**കേസുകളിൽ വിവരാവകാശ കമ്മീഷനുകൾ തീരുമാനം എടുക്കുന്നതിന് കാലപരിധി വേണമെന്ന് വിവരാവകാശ പ്രവർത്തകനും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ പ്രസിഡന്റുമായ ഡി.ബി.ബിനു അഭിപ്രായപ്പെട്ടു.**

✪✪✪

**സമുദ്രാന്തർ മേഖലക്ക് ആവശ്യമായ വിവിധ പ്രതിരോധ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിച്ചു നൽകുന്നതിനായി കെൽട്രോണിന് ഇന്ത്യൻ നാവികസേനയിൽ നിന്നും 97 കോടി രൂപയുടെ പുതിയ ഓർഡർ ലഭിച്ചു. കെൽട്രോണിന്റെ തിരുവനന്തപുരം കരകുളത്തെ കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സ്, അരൂരിലെ കെൽട്രോൺ കൺട്രോൾസ്, സബ്സിഡിയറി കമ്പനിയായ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് എന്നീ യൂണിറ്റുകളാണ് ഓർഡർ അനുസരിച്ചു ഉൽപ്പന്നങ്ങൾ നാവികസേനയ്ക്ക് നിർമ്മിച്ചു നൽകുന്നത്. നാവികസേനയിൽ നിന്ന് തന്ത്ര പ്രധാന ഉപകരണങ്ങൾക്കു ഓർഡറുകൾ തുടർച്ചയായി ലഭിക്കുന്നത് കെൽട്രോൺ കൈവരിച്ച പ്രവർത്തന മികവിന്റെ ഫലമായാണെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു.**

✪✪✪

**ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ എട്ട് മൽസരത്തിൽ ദക്ഷിണാഫ്രിക്കക്ക് ജയം. ആന്റിഗ്വയിൽ അമേരിക്കയെ 18 റൺസിനാണ് ദക്ഷിണാഫ്രിക്ക പരാജയപ്പെടുത്തിയത്.**

സൂപ്പർ എട്ടിലെ മറ്റൊരു മത്സരത്തിൽ ഇന്ന് ഇന്ത്യ അഫ്ഗാനിസ്ഥാനെ നേരിടും. ബാർബഡോസിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മൽസരം.

ഇന്ത്യൻ സമയം രാവിലെ ആറിന് വെസ്റ്റിന്റീസിലെ സെന്റ് ലൂസിയയിൽ ഇംഗ്ലണ്ടിനെതിരെ വെസ്റ്റിന്റീസ് ബാറ്റിംഗ് ആരംഭിച്ചു.

ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ വെസ്റ്റിന്റീസ് 10 ഓവറിൽ വിക്കറ്റുകളൊന്നും നഷ്ടപ്പെടാതെ 82 റൺസെടുത്തിട്ടുണ്ട്.

✪✪✪

ദക്ഷിണാഫ്രിക്കക്ക് എതിരായ വനിത ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ബംഗളുരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ രണ്ടാം ഏകദിനത്തിൽ നാല് റൺസിനാണ് ഇന്ത്യയുടെ ജയം. ഇതോടെ മൂന്ന് മൽസരങ്ങളടങ്ങിയ പരമ്പരയിൽ രണ്ടും ജയിച്ച് ഇന്ത്യ പരമ്പര സ്വന്തമാക്കി. മൂന്നാം മൽസരം ഞായറാഴ്ച ബാംഗ്ലൂരിൽ നടക്കും.

✪✪✪

പത്താമത് അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന് മുന്നോടിയായി ഇന്ത്യൻ എംബസി പൊഖാറയിലെ ഫെവാ തടാക തീരത്ത് യോഗാ പ്രദർശനം നടത്തി. പ്രാദേശിക ഭരണകൂടത്തിലെ ഉദ്യോഗസ്ഥർ, വിവിധ പ്രാദേശിക യോഗ സംഘടനകളിലെ അംഗങ്ങൾ, ഇന്ത്യൻ ആർമിയിലെ വിരമിച്ച ഗൂർഖ സൈനികർ, തുടങ്ങി നിരവധി പേർ പ്രദർശനത്തിൽ പങ്കെടുത്തു.

✪✪✪

പത്താം അന്താരാഷ്ട്ര യോഗാദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ സംസ്ഥാനത്ത് ഇന്നും നാളെയും പരിപാടികൾ സംഘടിപ്പിക്കും.

യോഗ നമുക്കും സമൂഹത്തിനും എന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ സംഘടിപ്പിക്കുന്ന സംയോജിത ബോധവൽക്കരണ പരിപാടി ഇന്ന് പേരൂർക്കട SAPPM ശ്രീ കേന്ദ്രീയ വിദ്യാലയത്തിലും നാളെ തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിലും നടക്കും.

കൊല്ലം ശ്രീനാരായണ വനിതാ കോളജും കൊല്ലം നാഷനൽ ആയുഷ് മിഷനുമായി ചേർന്ന് ഇന്ന് വെബിനാറും സംഘടിപ്പിക്കും.

പേരൂർക്കടയിൽ നടക്കുന്ന പരിപാടി പ്രസ് ഇൻഫർമേഷൻ ബ്യൂറോ, സെൻട്രൽ ഓഫ് കമ്യൂണിക്കേഷൻ അഡിഷനൽ ഡയറക്ടർ ജനറൽ വി.പളനിച്ചാമി ഉദ്ഘാടനം ചെയ്യും.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ പാലക്കാട് സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര യോഗാ ദിന പരിപാടികൾ നാളെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടത്തും. രാവിലെ 9.30 ന് യോഗ പരിശീലനത്തിൽ

ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും ഗവണ്മെന്റ് ജീവനക്കാരും പങ്കെടുക്കും. പുതിയ ക്രിമിനൽ നിയമങ്ങളെ കുറിച്ചു ബോധവൽക്കരണ ക്ലാസും ഉണ്ടാകും.

ഇന്ന് ചെമ്മാട് അങ്കണവാടിയിൽ യോഗ പരിശീലന പരിപാടി സംഘടിപ്പിക്കും.

✪✪✪

കഴിഞ്ഞ ഡിസംബറിൽ നിലവിൽ വന്ന കേരള പൊതുജനാരോഗ്യ നിയമ പ്രകാരം രൂപീകരിച്ച ജില്ല പൊതുജനാരോഗ്യ സമിതിയുടെ ആദ്യ യോഗം കണ്ണൂരിൽ ചേർന്നു. പൊതുജനാരോഗ്യം സംബന്ധിച്ച് വിവിധ തീരുമാനങ്ങൾ യോഗത്തിലുണ്ടായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.

.............വോയ്സ്...........

✪✪✪

തിരുവനന്തപുരം മുതലപ്പൊഴിയിൽ ശക്തമായ തിരമാലയിൽ പെട്ട് വള്ളം മറിഞ്ഞ് ഒരാൾ മരിച്ചു. അഞ്ചു തെങ്ങ് സ്വദേശി വിക്ടർ ആണ് മരിച്ചത്. വള്ളത്തിലുണ്ടായിരുന്ന മൂന്നു പേർ നീന്തി രക്ഷപ്പെട്ടു.

✪✪✪

കോഴിക്കോട് മുക്കം അഗസ്ത്യമുഴിയിൽ ലോറിയും ബൈക്കും കൂട്ടിയിടിച്ച് ലോറിക്കടിയിൽ പെട്ട ബൈക്ക്

യാത്രക്കാരി മരിച്ചു. ചാത്തമംഗലം കളംതോട് സ്വദേശി മാധവി ആണ് മരിച്ചത്.

✪✪✪

കേരളത്തിലെവിടെയെങ്കിലും ബോംബു പൊട്ടിയാൽ അതിന്നു പിന്നിൽ CPIMആണെന്ന നിഗമനം തെറ്റാണെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. ബോംബ് രാഷ്ട്രീയത്തെ CPI അംഗീകരിക്കുന്നില്ലെന്നും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു.

✪✪✪

തലശ്ശേരി എരഞ്ഞോളി ബോംബ് സ്ഫോടനത്തിൽ ഒരാൾ മരിച്ച കേസിൽ മുഖം നോക്കാതെ നടപടി എടുക്കാൻ പോലീസിന് അനുമതി നൽകണമെന്ന് നിയുക്ത എം.പി. ഷാഫി പറമ്പിൽ ആവശ്യപ്പെട്ടു.

സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുന്നിലെത്തിക്കണമെന്ന് സിപിഐഎം കണ്ണൂർ ജില്ല സെക്രട്ടറി M.V ജയരാജൻ പ്രസ്താവനയിൽ പറഞ്ഞു.

✪✪✪